പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 1898 — 11.02.2020 ൽ മറുപടിക്ക്

## അതിവേഗ റെയിൽവേ പാതയുടെ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുളള അതിവേഗ റെയിൽവേ പാതയ്ക്ക് റെയിൽവേ മന്ത്രാലയം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ ദൂരത്തിൽ സെമി ഹൈസ്പീഡ് റെയിൽ പാത പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്. |
| (ബി) | ഇതിനായി എത്ര ഹെക്ടർ സ്ഥലമാണ് ആവശ്യമായിട്ടുളളതെന്നും സ്ഥലമെടുപ്പിനുളള നടപടികൾ ഏതുഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ; | (ബി) യും (സി) യും | ഈ പദ്ധതിക്കായി 1226.45 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.<br>പാത കടന്നു പോകുന്ന 10 ജില്ലകളിൽ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കുള്ള ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഭൂമി ഏറ്റെടുക്കുന്നതിനുളള നടപടി വേഗത്തിലാക്കുന്നതിന് പ്രത്യേക സെൽ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | | |
| (ഡി) | ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്ത് തുക ആവശ്യമായി വരുമെന്നും അതിൽ സംസ്ഥാന സർക്കാരിന്റെ ഓഹരി എത്രയാണെന്നും അറിയിക്കാമോ; | (ഡി) യും (ഇ) യും | 66,405 കോടി രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്കായി സംസ്ഥാന സർക്കാരിന് ആവശ്യമായ തുകയും വിഹിതവും ചുവടെ ചേർക്കുന്നു.<br><br>ഭൂമി ഏറ്റെടുക്കൽ, അനുബന്ധ പ്രവർത്തനം - 8656 കോടി - 13%<br>സംസ്ഥാന സർക്കാർ വിഹിതം - 7720 കോടി - 12%<br>സബോർഡിനേറ്റ് ഡെബ്റ്റ് - 3564 കോടി - 5%<br>സംസ്ഥാന വിഹിതം കിഫ്ബി മുഖേനയുള്ള ഓഹരി സമാഹരണം വഴി കണ്ടെത്തുന്നതിനാണ് വിഭാവനം ചെയ്യുന്നത്. |
| (ഇ) | ഈ തുക സംസ്ഥാന സർക്കാർ എപ്രകാരം കണ്ടെത്തുവാനാണ് തീരുമാനിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ